# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4181** **16.12.2014 -ൽ മറുപടിക്ക്**

**<u>നിർമ്മിതി കേന്ദ്ര പുനരുദ്ധാരണം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ബെന്നി ബെഹനാൻ :**<br>**ശ്രീ. കെ.മുരളീധരൻ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ.റ്റി.എൻ. പ്രതാപൻ :** | | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. പുനരുദ്ധരിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ചെലവ് കുറഞ്ഞതും, പ്രകൃതിയ്ക്ക് ഇണങ്ങിയതും, ഗുണമേന്മയുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | പൊതുജനങ്ങൾക്ക് പ്രധാനമായും താഴെ പ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചു വരുന്നു.<br>1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുക. |

2. ആവശ്യക്കാർക്ക് ചെലവ് കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നൽകുക.

3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യനിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധന ശാലകൾ നടത്തുക.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ, കട്ടിളകൾ എന്നിവ നൽകുക.

6. തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.

7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനു കീഴിലുള്ള ലാബിഷാസ് എന്ന സ്ഥാപനം വഴി എഞ്ചിനീയർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുക.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

| | |
|---|---|
| (ഡി) ഇതനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) 1. സംസ്ഥാനത്ത് വിവിധ ജില്ല കളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.<br>2. സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ 10 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ച വരുന്നു. 7 സ്ഥലങ്ങളിലും ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.<br>3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.<br>4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്ന തിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.<br>5. 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി യിലെ ഹെഡ് ആഫീസ് വഴിയും യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ